**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3201** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതു വരെ കായിക വകുപ്പ് മുഖേന പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ. നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി (കിഫ്ബി പദ്ധതി) | 10.00 കോടി | പ്രസ്തുത പ്രവൃത്തിയുടെ 9.94 കോടി രൂപയുടെ ഡി.പി.ആർ 10.10.2023 തീയ്യതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 13.02.2017 ലെ ഉത്തരവ് പ്രകാരം 10.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന പട്ടാമ്പി മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഭരണാനുമതിയുടെ കാലാവധി കാലഹരണപ്പെട്ടതിനാൽ 19.06.2025 തീയ്യതിയിൽ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 23.07.2025 തീയ്യതിയിൽ കിഫ്ബിയിൽ നിന്നും 9.94 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ക്ച്ചറൽ ഡ്രോയിംഗ്സും, ഡിസൈനും കിഫ്ബിയുടെ PED വിംഗിന്റെ അംഗീകാരത്തിനായി 17.09.2025 തീയ്യതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡ്രോയിംഗ്സിന്റെ അംഗീകാരം ലഭിച്ചാലുടൻ ടെക്ക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 2 | മുതുതല ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട മുതുതല ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ബഹു. പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 01.07.2025 തീയ്യതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടി ക്രമം നം. എൽ.എസ്. ജി.ഡി/ജെ.ഡി/പി.കെ.ഡി/2792/2025 -സി3 പ്രകാരം 50.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 23.07.2025 തീയതിയിൽ കായിക വകുപ്പ് ഡയറകറുടെ എ 3-1865/25/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ യോഗ്യത നേടിയ ദർഘാസുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഇ.കെ. അബ്ദുൾസലാം, പാലക്കാട് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ച് വരുന്നു. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി |

| | | | |
|---|---|---|---|
| 3 | കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസന പ്രവൃത്തിയ്ക്ക് ബഹു. പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 30.08.2025 തീയ്യതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടി ക്രമം നം. എൽ.എസ്.ജി.ഡി/ജെ.ഡി/പി.കെ.ഡി/5710/2025 -സി3 പ്രകാരം 50.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 22.09.2025 തീയതിയിൽ കായിക വകുപ്പ് ഡയറകറുടെ എ 3-5963/25/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും 30.09.2025 തീയ്യതിയിൽ 08.10.2025 അവസാന തീയ്യതിയായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | വിളയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | 14.03.2025 തീയ്യതിയിൽ ബഹു. പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എ ജില്ലാ കളക്ടർക്ക് നൽകിയ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

3394
15/2/17

GOVERNMENT OF KERALA

Abstract

Sports & Youth Affairs Department –KIIFB- Construction of various stadiums- Administrative Sanction accorded - Orders issued.

SPORTS & YOUTH AFFAIRS (A) DEPARTMENT

G.O.(Rt) No. 33/2017/S&YA. Dated, Thiruvananthapuram, 13.02.2017

Read:- 1. G.O (MS) No.315/2016/Fin dated 8.8.2016
2. Minutes of meeting of KIIFB held on 30.12.2016
3. Letter No.E5-2197/16 dated 28.01.2017

ORDER

As per revised Budget Speech Para No.124, 125, 126 an amount of Rs.685 crore (500+50+135) is set apart for Sports & Youth Affairs Department towards the construction of various stadiums in the State. And also in the Budget reply speech an amount of Rs.70 crores is provided for sports infrastructure in the KIIFB projects.

2) The Director, Sports & Youth Affairs as per letter read as 3rd paper above have submitted proposals of projects for an estimate of Rs.486 crores for which Administrative Sanction is needed for the financial year 2017-18.

3) As per Govt Order read as 1st paper above for projects identified in the Budget or Budget announcements for inclusion under KIIFB financing, the Administrative Department may issue the Administrative Sanction directly without further consultation with Finance Department.

4) Government have examined the matter in detail and are pleased to accord Administrative sanction for inclusion of the following projects for an estimate of Rs.450 crores under KIIFB:-

| Sl. No. | Projects | Amount sanctioned (Rs.Crores) |
|---|---|---|
| I. | Development of Indoor Stadiums cum Sports Complex | |
| 1 | I.M.Vijayan Indoor Stadium and Sports Complex at Thrissur (Laloor) | 60 |
| 2 | Jimmy George Indoor Stadium and Sports Complex at Kannur (Mundayad) | 50 |

| | | |
|---|---|---|
| 3 | Olympian Rehman Indoor Stadium and Sports Complex Kozhikode (Chevayoor) | 60 |
| 4 | Thomas Sebastian Indodr Stadium, Thiruvananthapuram (Edava) | 40 |
| 5 | Susan Mable Thomas Indoor Stadium and Sports Complex (Chingavanam) | 40 |
| 6 | Wayanad C.K.Omkaranadhan Stadium | 40 |
| | Sub total | 290 crores |
| II | Play fields in Panchayat/Municipalities etc | |
| 1 | Volley Ball Academy, Naduvannoor | 5 |
| 2 | Palakkad Indoor Stadium | 5 |
| 3 | Chittoor Govt. College Sports Complex | 5 |
| 4 | Thirumittacode Chathannoor HSS | 5 |
| 5 | Preethikulangara School Stadium | 5 |
| 6 | Alappuzha EMS Stadium (second phase) | 5 |
| 7 | Iymanam Panchayat Stadium | 5 |
| 8 | Attingal Sreepadam Stadium | 5 |
| 9 | Kannur Jawahar Stadium | 10 |
| 10 | Adoor Municipal Stadium | 10 |
| 11 | Wayanad District Stadium | 5 |
| 12 | Neeleswaram EMS Stadium | 5 |
| 13 | Dharmadam Abu Chathukutty Stadium | 5 |
| 14 | Koothuparambu Municipal stadium | 5 |
| 15 | Edappal Govt. HSS | 5 |
| 16 | Nilambur Mini Stadium | 5 |
| 17 | Chalakkudi Municipal Stadium | 5 |
| 18 | Nedumkandam Stadium | 5 |
| | Sub total | 100 crores |
| III | Projects for Sports Infrastructure announced in the Reply budget speech 2016-17 | |
| 1 | Alapuzha rowing track maintenance and construction of hostel | 10 |
| 2 | V.R.Krishna Iyer Stadium, Thalassery | 10 |
| 3 | Ponnani Nilatheeram Aquatic Sports Complex | 10 |

| | | |
|---|---|---|
| [illegible] | Koduman Stadium | 10 |
| 5 | Multiple Indoor Stadium, Pattambi College | 10 |
| 6 | Thanoor Stadium | 10 |
| | Sub total | 60 |
| | Grand total | 450 crores |

**(By Order of the Governor)**

**S.MANJU,**
**JOINT SECRETARY TO GOVERNMENT**

To

The Chief Executive Officer, KIIFB (Kerala Infrastructure Investment Fund Board), Vazhuthacaud, Thiruvananthapuram
The Director, Sports and Youth Affairs, Thiruvananthapuram.
The Secretary, Kerala State Sports Council, Thiruvananthapuram.
The Principal Accountant General (A&E)/(Audit), Thiruvananthapuram.
Finance Department.
The Information Officer, Web & New Media (I&PRD)
Stock file/Office copy.

Forwarded/By Order
Section Officer

5/10/25

GOVERNMENT OF KERALA

Abstract

Sports & Youth Affairs Department – KIIFB - Construction of Indoor Stadium at Sree Neelakanta Government Sanskrit College, Pattambi - Administrative Sanction - Revalidated - Orders issued.

**SPORTS & YOUTH AFFAIRS (A) DEPARTMENT**

G.O.(Rt)No.171/2025/S&YA Dated,Thiruvananthapuram, 19-06-2025

Read 1. G.O.(Rt) No.33/2017/S&YA dated 13.02.2017

2. G.O(Rt) No.267/2022/S&YA dated 14.10.2022

3. Letter No.A1-7043/22/DSYA from the Director , Sports & Youth Affairs dated 25.05.2024

ORDER

Administrative Sanction was accorded for Rs.10 Crores for the project "Construction of Indoor Stadium at Sree Neelakanta Government Sanskrit College, Pattambi" using KIIFB fund as per GO read as (1) above. The Director, Sports & Youth Affairs as per letter read as (3) above has informed that M/s.KITCO who was the SPV of the project at that time had submitted DPR for which Financial Sanction (FS) was granted by KIIFB for an amount of Rs.8.34 crores in 2019 but further progress related to the subject work was not seen done due to various issues and hence as per GO read as (2) above. Sports Kerala Foundation (SKF) has been appointed as the Special Purpose Vehicle of the project.

Accordingly SKF had prepared and submitted the revised estimate of the project to KIIFB but since more than 3 years have lapsed, as instructed, the Director of Sports & Youth Affairs has submitted proposal for revalidation of the Administrative Sanction.

Government have examined the matter in detail and are pleased to revalidate the Administrative Sanction issued as per Government Order read as (1) above for the construction of Indoor Stadium at Sree Neelakanta

Government Sanskrit College, Pattambi so that the work can progress without further delay.

The Director of Sports and Youth Affairs will take further necessary action in the matter.

(By order of the Governor)
A P M MOHAMMED HANISH
PRINCIPAL SECRETARY

To:

The Director, Sports & Youth Affairs, Thiruvananthapuram
The Chief Executive Officer, KIIFB, Thiruvananthapuram
The Chief Engineer, Sports Kerala Foundation, Thiruvananthapuram
The Managing Director, KITCO, Kochi
The Principal Accountant General ( Audit /A&E ), Kerala, Thiruvananthapuram
Finance Department ( Ref.No : E2152429/EDN-B1/343/2022-FIN dated 16.06.2025 )
Stock file/Office copy.

Forwarded /By order
Signed by Rajee R Pillai
Date: 20-06-2025 18:30:55
Section Officer

Copy to :
PS to Hon'ble Minister, Sports
PA to Principal Secretary, Sports & Youth Affairs Department
CA to Joint Secretary, Sports & Youth Affairs Department
CA to Deputy Secretary, Sports & Youth Affairs Department

5/10/24

**PROCEEDINGS OF THE CHIEF EXECUTIVE OFFICER**

**KERALA INFRASTRUCTURE INVESTMENT FUND BOARD,**

**THIRUVANANTHAPURAM**

**Present : Dr.K.M Abraham CFA**

**ORDER NO : SYA002-15/APR-2/2025/KIIFB Dated:23-07-2025**

Sub: KIIFB Project-SYA002-15-Construction of Indoor Stadium at Sree Neelakanta Govt. Sanskrit College, Pattambi-Revised Orders-Issued

Read: 1. Order No. SYA002-15/APR-4/2019/KIIFB Dated 06.09.2019
2. G.O.(Rt) No.267/2022/S&YA Dated 14.10.2022
3. G.O.(Rt) No. 171/2025/S&YA Dated 19.06.2025

Vide reference cited 1st, financial sanction amounting to ₹8,34,39,094/- was accorded for the sub-project 'SYA002-15 – Construction of Indoor Stadium at Sree Neelakanta Government Sanskrit College, Pattambi', with KITCO designated as the Special Purpose Vehicle (SPV).

Subsequently, the Administrative Department, vide reference cited 2nd, reassigned the SPV to SKF, and vide reference cited 3rd, issued a revised Administrative Sanction for the project.

The newly assigned SPV (SKF) has now submitted a revised proposal seeking enhancement of the financial sanction from ₹8,34,39,094/- to ₹9,94,36,002/-. The proposed increase is primarily due to the revision of GST from 12% to 18% and the change in DSR from 2016 to 2018.

After detailed examination, sanction is accorded for revising the financial sanction of the sub project 'SYA002-15-Construction of Indoor Stadium at Sree Neelakanta Govt. Sanskrit College, Pattambi' from ₹8,34,39,094/- to ₹ **9,94,36,002/- (Rupees Nine Crore Ninety Four Lakh Thirty Six Thousand and Two Only)** subject to the conditions stipulated in the references above and the Revision Report.

Encl: Revision Report

**Dr. K. M. Abraham CFA**

**Chief Executive Officer**

To

The Principal Secretary to Government, Sports and Youth Affairs Department
The Chief Engineer, Sports Kerala Foundation, Vellayambalam
F&A Division(KIIFB)
Inspection Authority(AIW,TIW),KIIFB
Stock file/Office Copy/Nodal Officer

Forwarded / By Order

ASST. PROJECT MANAGER

5/10/25

# കായിക യുവജനകാര്യ ഡയറക്ടറുടെ നടപടിക്രമം

## കായിക യുവജന കാര്യാലയം

നമ്പർ: A3-5963/25/DSYA തീയതി: 22.09.2025

വിഷയം:- കായികയുവജനകാര്യാലയം-ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി- പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനത്തിനായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-(1) 04.03.2021ലെ ജി.ഒ(എം.എസ്)നമ്പർ.7/2021/എസ്.വൈ.എ

(2) 09.10.2023ലെ ജി.ഒ(ആർ.റ്റി)നമ്പർ.104/2023/ഫിൻ

(3) 16.02.2024ലെ എ1/328/2022/എസ്.വൈ.എ നമ്പർ സർക്കാർ കത്ത്

(4) 05.03.2025 ലെ ജി.ഒ(ആർ.റ്റി)നമ്പർ.51/2025/എസ്.വൈ.എ നമ്പർ ഉത്തരവ്

(5) 29.08.2025 ലെ 98/25/PKD/SKF നമ്പർ കത്ത്

(6) 19.05.2025 ലെ ജി.ഒ(ആർ.റ്റി)നമ്പർ.135/2025/എസ്.വൈ.എ നമ്പർ ഉത്തരവ്

(7) പാലക്കാട് ജില്ലാകളക്ടറുടെ 30.08.2025ലെ LSGD/JD/PKD/5710/2025-C3 നമ്പർ നടപടിക്രമം

## <u>ഉത്തരവ്</u>

ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി 124 കളിസ്ഥലങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് പരാമർശം(4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്തുന്നത് സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ്. മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായാണ് കായികവകുപ്പിൻറെ പ്ലാൻ ഫണ്ട് അനുവദിക്കുന്നത്.

ii) പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടുന്ന പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട് സ് കേരള ഫൗണ്ടേഷൻ പരാമർശം (5) പ്രകാരം 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എസ്റ്റിമേറ്റിൻറെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സിവിൽ & ഇലക്ട്രിക് പ്രവൃത്തികൾ (18% ജി.എസ്.റ്റി ഉൾപ്പെടെ) | ₹93,89,331 |
| പി.എം.സി (18% ജി.എസ്.റ്റി ഉൾപ്പെടെ) | ₹ 610,307 |
| റൗണ്ട് ഓഫ് | ₹ 362 |
| ആകെ തുക | ₹ 1,00,00,000 (ഒരു കോടി രൂപ മാത്രം) |

iii) പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഈ പദ്ധതിക്കായി പട്ടാമ്പി നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തി വികസനഫണ്ടിൽ നിന്നും 4202-03-102-88-നിയമസഭാ മണ്ഡല ആസ്തിവികസന പദ്ധതി(നോൺ പ്ലാൻ) എന്ന

ശീർഷകത്തിൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി പാലക്കാട് ജില്ലാകളക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (6) പ്രകാരം പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സമഗ്രഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം(3)ലെ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം, എം.എൽ.എ ഫണ്ട് അനുവദിച്ച് കൊണ്ടുള്ള ഭരണാനുമതി ലഭ്യമായ എല്ലാ പ്രവൃത്തികൾക്കും ആനുപാതികമായി കായികവകുപ്പിൻറെ പ്ലാൻ ഫണ്ട് കൂടെ ഉൾപ്പെടുത്തി കായികയുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതി നൽകേണ്ടതാണ്.

(iv) മേൽസാഹചര്യത്തിൽ,പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനത്തിനായി പട്ടാമ്പി നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തിവികസനഫണ്ടിൽ നിന്നും 4202-03-102-88-നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതി (നോൺ പ്ലാൻ) ശീർഷകത്തിൽ ലഭിച്ച 50 ലക്ഷം രൂപയും ആനുപാതികമായി കായികവകുപ്പിൻറെ 4202-03-102-83- ഗ്രാമീണ കളിസ്ഥലം(പ്ലാൻ) ശീർഷകത്തിലെ പദ്ധതിവിഹിതത്തിൽ നിന്നും 50 ലക്ഷം രൂപയും ചേർത്ത് ആകെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകി ഉത്തരവാകുന്നു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നിബന്ധനകൾ, പാലക്കാട് ജില്ലാകളക്ടറുടെ പരാമർശം (7) പ്രകാരമുള്ള നടപടിക്രമത്തിലെ നിബന്ധനകൾ, ചുവടെ ചേർത്തിട്ടുള്ളവയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ബാധകമായ നിബന്ധനകൾ എന്നിവ പാലിച്ച് കൊണ്ട് നിർവ്വഹണ ഏജൻസിയായ സ്പോർട് സ് കേരള ഫൗണ്ടേഷൻ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

1. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ നിയമങ്ങളും ഔപചാരികതകളും നടപടിക്രമങ്ങളും കർശനമായി പാലിക്കേണ്ടതാണ്.
2. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
3. ടെൻഡർ/ഇ-ടെൻഡറും മറ്റ് വ്യവസ്ഥാപിത ഔപചാരികതകളും അത് ആവശ്യമുള്ള എല്ലാ അവസരത്തിലും പാലിക്കേണ്ടതാണ്.

Vishnu Raj P IAS
കായികയുവജനകാര്യാലയം ഡയറക്ടർ

പകർപ്പ് :- ചീഫ് എൻജിനീയർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ
അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം ,
ബിൽ,ഓഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ.

5/10/28

# കായിക യുവജനകാര്യ ഡയറക്ടറുടെ നടപടിക്രമം

നമ്പർ: A3-1865/25/DSYA	തീയതി: 23.07.2025

വിഷയം:- കായികയുവജനകാര്യാലയം-ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി-പട്ടാമ്പി നിയോജകമണ്ഡലത്തിലെ മുതുതല ഗ്രാമപ്പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-(1) 04.03.2021ലെ ജി.ഒ(എം.എസ്)നമ്പർ.7/2021/SYA
(2) 09.10.2023ലെ ജി.ഒ(ആർ.റ്റി)നമ്പർ.104/2023/ഫിൻ
(3) 16.02.2024ലെ എ1/328/2022/എസ്.വൈ.എ നമ്പർ സർക്കാർ കത്ത്
(4) 19.05.2025 ലെ ജി.ഒ(ആർ.റ്റി)നമ്പർ.135/2025/SYA
(5)19.06.2025 ലെ 97/25/PKD/SKF നമ്പർ കത്ത്
(6) 21.02.2025ലെ ജി.ഒ(ആർ.റ്റി)നമ്പർ.44/2025/SYA
(7) പാലക്കാട് ജില്ലാകളക്ടറുടെ 01.07.2025ലെ LSGD/JD/PKD/2792/2025-C3 നമ്പർ നടപടിക്രമം

## ഉത്തരവ്

ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി 124 കളിസ്ഥലങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് പരാമർശം(6) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്തുന്നത് സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ്. മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായാണ് കായികവകുപ്പിൻറെ പ്ലാൻ ഫണ്ട് അനുവദിക്കുന്നത്.

ii)പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന പട്ടാമ്പി നിയോജകമണ്ഡലത്തിലെ മുതുതല ഗ്രാമപ്പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട് സ് കേരള ഫൗണ്ടേഷൻ പരാമർശം (5) പ്രകാരം 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എസ്റ്റിമേറ്റിൻറെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സിവിൽ & ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ (18% ജി.എസ്.റ്റി ഉൾപ്പെടെ) | ₹ 93,87,093 |
| പി.എം.സി (18% ജി.എസ്.റ്റി ഉൾപ്പെടെ) | ₹ 6,10,161 |
| റൗണ്ട് ഓഫ് | ₹ 2,746 |
| ആകെ തുക | ₹ 1,00,00,000 (ഒരു കോടി രൂപ മാത്രം) |

iii) പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഈ പദ്ധതിക്കായി പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എയുടെ

ആസ്തി വികസനഫണ്ടിൽ നിന്നും പരാമർശം (7) പ്രകാരം പാലക്കാട് ജില്ലാകളക്ടർ 4202-03-102-88-നിയമസഭാ മണ്ഡല ആസ്തിവികസന പദ്ധതി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. മുതുതല ഗ്രാമപ്പഞ്ചായത്ത് കളിസ്ഥലം നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി പരാമർശം (4) പ്രകാരം 60 കോടി രൂപയുടെ സമഗ്രഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം(3)ലെ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം, എം.എൽ.എ ഫണ്ട് അനുവദിച്ച കൊണ്ടുള്ള ഭരണാനുമതി ലഭ്യമായ എല്ലാ പ്രവൃത്തികൾക്കും ആനുപാതികമായി കായികവകുപ്പിൻറെ പ്ലാൻ ഫണ്ട് കൂടെ ഉൾപ്പെടുത്തി കായികയുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതി നൽകേണ്ടതാണ്.

(iv) മേൽസാഹചര്യത്തിൽ, മുതുതല ഗ്രാമപ്പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എയുടെ യുടെ ആസ്തിവികസനഫണ്ടിൽ നിന്നും 4202-03-102-88-നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതി (നോൺ പ്ലാൻ) ശീർഷകത്തിൽ ലഭിച്ച 50 ലക്ഷം രൂപയും ആനുപാതികമായി കായികവകുപ്പിൻറെ 4202-03-102-83- ഗ്രാമീണ കളിസ്ഥലം(പ്ലാൻ) ശീർഷകത്തിലെ പദ്ധതിവിഹിതത്തിൽ നിന്നും 50 ലക്ഷം രൂപയും ചേർത്ത് ആകെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകി ഉത്തരവാകുന്നു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നിബന്ധനകൾ, പാലക്കാട് ജില്ലാകളക്ടറുടെ പരാമർശം(7) പ്രകാരമുള്ള നടപടിക്രമത്തിലെ നിബന്ധനകൾ, ചുവടെ ചേർത്തിട്ടുള്ളവയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ബാധകമായ നിബന്ധനകൾ എന്നിവ പാലിച്ച കൊണ്ട് നിർവ്വഹണ ഏജൻസിയായ സ്പോർട് സ് കേരള ഫൗണ്ടേഷൻ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

1. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ നിയമങ്ങളും ഔപചാരികതകളും നടപടിക്രമങ്ങളും കർശനമായി പാലിക്കേണ്ടതാണ്.
2. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
3. ടെൻഡർ/ഇ-ടെൻഡറും മറ്റ് വ്യവസ്ഥാപിത ഔപചാരികതകളും അത് ആവശ്യമുള്ള എല്ലാ അവസരത്തിലും പാലിക്കേണ്ടതാണ്.

Vishnu Raj P IAS
കായികയുവജനകാര്യാലയം ഡയറക്ടർ

പകർപ്പ് :- ചീഫ് എൻജിനീയർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ
അക്കൗണ്ടൻറ് ജനറൽ (എ & ഇ),കേരള
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം ,
ബിൽ,ഓഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ.

5/10/25

The document is digitally approved. Hence signature is not needed.